പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3722          14.03.2017 ൽ മറുപടിയ്ക്ക്

## വൈകല്യങ്ങളെ മറികടന്ന് സമൂഹത്തിന് മാതൃകയാകുന്ന വ്യക്തിത്വങ്ങളെ ആദരിക്കാൻ നടപടി

ചോദ്യം          മറുപടി

ശ്രീ. മഞ്ഞളാംകുഴി അലി.          ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സ്വന്തം വൈകല്യം മറന്നുകൊണ്ട് വീട്ടിലേക്ക് വഴി വെട്ടിയുണ്ടാക്കിയ അംഗ പരിമിതനായ ശ്രീ.ശശി എന്നയാളെ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽ പെട്ടിട്ടുണ്ട് |
| (ബി) ദീർഘനാളത്തെ പ്രയത്നംകൊണ്ട് സഞ്ചാരയോഗ്യമായ വഴി സ്വന്തമായി വെട്ടിയുണ്ടാക്കിയ ഈ വ്യക്തിയെ സാമൂഹ്യനീതി വകുപ്പ് ഏതെങ്കിലും തരത്തിൽ സഹായിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) ഇല്ല |
| (സി) പ്രതികൂല സാഹചര്യങ്ങളെ അവഗണിച്ച് സ്വന്തം ഇച്ഛാശക്തികൊണ്ട് വൈകല്യങ്ങളെ മറികടന്ന് സമൂഹത്തിന് മാതൃകയാകുന്ന ഇത്തരം വ്യക്തിത്വങ്ങളെ ആദരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) ഇപ്രകാരം പ്രതികൂല സാഹചര്യങ്ങളെ അവഗണിച്ച് സ്വന്തം ഇച്ഛാശക്തിയാൽ വൈകല്യങ്ങളെ മറി കടന്ന് സമൂഹത്തിന് മാതൃകയാകുന്ന വ്യക്തിത്വങ്ങളെ ആദരിക്കുന്ന ചടങ്ങുകൾ വകുപ്പ് തലത്തിൽ സംഘടിപ്പിക്കാറുണ്ട്. യഥാസമയം അപേക്ഷ ക്ഷണിക്കുമ്പോൾ ടിയാനും അപേക്ഷിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ